# ഉദരാർബുദത്തിന് നവീന ചികിത്സയുമായി ചെന്നൈയിലെ ആസ്പത്രി

**ചെന്നൈ:** ഉദരാർബുദത്തിന് ഫലപ്രദമായ ചികിത്സയെന്ന് കരുതപ്പെടുന്ന 'ഹൈപെക്' (ഹൈപ്പർതെർമിക്ക് ഇൻട്രാഓപ്പ റേറ്റീവ് പെരിറ്റോണിയൽ കീമോതെറാപ്പി ) നടപ്പാക്കാൻ ചെന്നൈയിൽ ഒരു സംഘം ഡോക്ടർമാർ ഒരുങ്ങുന്നു.

ചെന്നൈയിലെ മിയോട്ട് ആസ്പത്രിയിലെ ഡോക്ടർമാരാണ് ഈ ചികിത്സാവിധി പ്രയോഗിക്കാൻ രംഗത്തെത്തിയിട്ടുള്ളത്. ഇംഗ്ലണ്ടിൽ നിന്നുള്ള വിദഗ്ധ സംഘത്തിൻെറ മേൽനോട്ടത്തിൽ ശനിയാഴ്ച ഇത്തരത്തിലുള്ള ആദ്യ ശസ്ത്രക്രിയ ചെന്നൈയിൽ മിയോട്ടിൽ നടക്കുമെന്ന് ആസ്പത്രി എം. ഡി. ഡോക്ടർ പ്രിഥ്വി മോഹൻദാസ് വെള്ളിയാഴ്ച പത്രസമ്മേളനത്തിൽ പറഞ്ഞു. ഇന്ത്യയിൽ ഇതാദ്യമായാണ് ഈ ചികിത്സാരീതി പ്രയോഗിക്കുന്നതെന്നും അദ്ദേഹം അവകാശപ്പെട്ടു.

സാധാരണ ഗതിയിലുള്ള കീമോതെറാപ്പിക്കു പകരം ആഗോളതലത്തിൽ ഉപയോഗിക്കപ്പെടുന്ന ചികിത്സാരീതിയാണ് 'ഹൈപെക്" എന്ന് ഡോക്ടർ പ്രിഥ്വി ചൂണ്ടിക്കാട്ടി. ശസ്ത്രക്രിയയിലൂടെ അർബുദ ബാധിത ഭാഗങ്ങൾ നീക്കം ചെയ്ത ശേഷം പ്രത്യേക യന്ത്രത്തിൻെറ സഹായത്തോടെ ഉയർന്ന താപനിലയിൽ ഉദരത്തിലേക്ക് മരുന്നുകൾ എത്തിക്കുന്ന പ്രക്രിയയാണ് 'ഹൈപെക്'.

സാധാരണനിലയിൽ കീമൊതെറാപ്പിക്ക് വിധേയരാവുന്നതിനേക്കാൾ അർബുദത്തെ അതിജീവിക്കുന്നതിന് ഈ ചികിത്സാവിധി സഹായകരമാണെന്ന് ബ്രിട്ടനിലെ ക്രിസ്റ്റി എൻ. എച്ച്. എസ്. ഫൗണ്ടേഷൻ ട്രസ്റ്റിൽ നിന്നുള്ള അർബുദ ചികിത്സാ വിദഗ്ധ സാറാ ഒ ഡ്വയർ പറഞ്ഞു. ഉദരാർബുദം ബാധിക്കുന്നവരിൽ 95 ശതമാനം പേരും മരണത്തിൻെറ നിഴലിലാണെന്നും എന്നാൽ ഹൈപെക് ചികിത്സയിലൂടെ മരണനിരക്ക് 25 ശതമാനം കണ്ട് കുറയ്ക്കാൻ കഴിയുന്നുണ്ടെന്നും സാറ ചൂണ്ടിക്കാട്ടി. മൂന്നു ലക്ഷം രൂപയ്ക്കും അഞ്ചു ലക്ഷം രൂപയ്ക്കും ഇടയിലാണ് ഈ ചികിത്സയ്ക്ക് ചെലവു വരികയെന്ന് മിയോട്ട് ആസ്പത്രി വൃത്തങ്ങൾ പറഞ്ഞു.

ഹൈപെക് ചികിത്സാ പ്രക്രിയയുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര സെമിനാറിന് ചെന്നൈയിലെ മിയോട്ടിൽ വെള്ളിയാഴ്ച തുടക്കമായി. സെമിനാറിൻെറ രണ്ടാം ദിനമായ ശനിയാഴ്ചയാണ് ആദ്യ ഹൈപെക് ചികിത്സ നടക്കുക. ഇന്ത്യയിൽ നിന്നുള്ള 50 കാരിയാണ് ഈ ചികിത്സയ്ക്ക് വിധേയയാവുന്നത്. ചികിത്സയുടെ തത്സമയ സംപ്രേഷണം സെമിനാറിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് കാണാനാവും. ഡോക്ടർ വി.പി.ഗംഗാധരൻ , ഡോക്ടർ പോൾ ഫുൾഫോർഡ്, ഡോക്ടർ എം.കൃഷ്ണൻനായർ, ഡോക്ടർ രോഹിത് കൊച്ചാർ തുടങ്ങിയ പ്രമുഖ അർബുദ ചികിത്സാ വിദഗ്ധർ സെമിനാറിൽ പങ്കെടുക്കുന്നുണ്ട്.

# ദേശീയ ഹരിത ട്രൈബ്യൂണലിൻെറ അധികാരം കുറയ്ക്കണമെന്ന് ശുപാർശ

**ന്യൂഡൽഹി:** പരിസ്ഥിതിമലിനീകരണ നിയന്ത്രണത്തിന് ദേശീയ, സംസ്ഥാന തലങ്ങളിൽ വെവ്വേറെയുള്ള നിയമങ്ങൾക്ക് പകരമായി ഒറ്റനിയമം കൊണ്ടുവരാൻ ശുപാർശ. പരിസ്ഥിതിനിയമങ്ങൾ പുനപ്പരിശോധിക്കാൻ സർക്കാർ നിർദേശിച്ച സമിതിയുടേതാണ് ശുപാർശ.

ഊർജ, ഖനനപദ്ധതികൾക്ക് അതിവേഗ അനുമതിക്ക് സംവിധാനം വേണമെന്ന് സമിതി നിർദേശിച്ചു. ദേശീയ ഹരിത ട്രൈബ്യൂണലിൻെറ അധികാരങ്ങൾ വെട്ടിക്കുറയ്ക്കണമെന്നും മുൻ ക്യാബിനറ്റ് സെക്രട്ടറി ടി.എസ്.ആർ. സുബ്രഹ്മണ്യത്തിൻെറ നേതൃത്വത്തിലുള്ള സമിതി സർക്കാറിന് സമർപ്പിച്ച റിപ്പോർട്ടിൽ നിർദേശിച്ചിട്ടുണ്ട്.

മലിനീകരണത്തിന് പുറമെ, പരിസ്ഥിതി, വനം നിയമങ്ങളും പുനപ്പരിശോധിക്കണം.